**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 380** **19-03-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്ന് വരുന്നതിന് വിവിധ കാരണങ്ങളാണുള്ളത്. വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീ-കരണം, കാലാവസ്ഥാ വ്യതിയാനം, വനമേഖലക-ളിലെ മാലിന്യ നിക്ഷേപം, കാട്ടുതീ, വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം പ്രവർത്തനങ്ങൾ / റോഡ് നിർമ്മാണം തുടങ്ങിയവ, വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, തെറ്റായ ഭൂവിനിയോഗം, വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, വന്യമൃഗങ്ങളെ ആകർഷി-ക്കുന്ന വിളകൾ, ഭൂപ്രദേശത്തിന്റെ കിടപ്പ്, കളകളുടെ ആധിക്യം, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്ന് പ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, ശരിയായ പരിപാലനമില്ലാതെ കാട്ടുപിടിച്ച് കിടക്കുന്ന തോട്ടങ്ങളുടെ സാന്നിധ്യം തുടങ്ങി വിവിധ കാരണങ്ങ-ളാലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്ന് വരുന്നത്. |
| (ബി) | സംസ്ഥാനത്ത് വനം വകുപ്പിന്റെ ഏതൊക്കെ ഡിവിഷനുകളിലാണ് മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ 25 ടെറിറ്റോറിയൽ ഡിവിഷനുകളിലും 11 വൈൽഡ്‌ലൈഫ് ഡിവിഷനുകളിലും (ആകെ 36 ഡിവിഷനുകൾ) മനുഷ്യ-വന്യമൃഗ സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഡിവിഷനുകളുടെ ലിസ്റ്റ് അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത സംഘർഷം ഫലപ്രദമായി കുറയ്ക്കുന്നതിന് പ്രതിരോധ, ലഘൂകരണ ശ്രമങ്ങൾക്കൊപ്പം ദീർഘകാലവും ഹ്രസ്വകാലവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് വിവിധ പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇപ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന |

പദ്ധതികളിലും ദീർഘകാല പദ്ധതികളും ഹ്രസ്വകാല പദ്ധതികളും ഉൾപ്പെടുന്നു. ആയത് അനുബന്ധം 2 ആയി ചേർക്കുന്നു. സംസ്ഥാനത്തെ ആദിവാസി മേഖലകളടക്കമുള്ള ജനവാസ മേഖലകളിലെ വന്യജീവി സംഘർഷം പരിഹരിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ചുവടെ വിവരിക്കും പ്രകാരം വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

1. "മിഷൻ സോളാർ ഫെൻസിംഗ് 2024" - നിലവിൽ വിവിധയിടങ്ങളിൽ നിർമ്മിച്ചിരുന്നതും കേടുവന്ന് പ്രവർത്തനക്ഷമമല്ലാതിരുന്നതുമായ സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിംഗ് 2024" എന്ന കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗും 10 കി.മീ റെയിൽ ഫെൻസിംഗും 0.11 കി.മീ അയൺ ഫെൻസിംഗും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയു-

ടേയും പ്രവൃത്തികൾ നിർമാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലിറ-ങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവ-പ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃ-ഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 23/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത-യിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

9. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോ-ന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്.

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരമുള്ള

പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായി-പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി 25/02/2024 ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28/05/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. ശല്യക്കാരായ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് ഷൂട്ടർമാർക്ക് നിശ്ചയിച്ചിട്ടുള്ള ഓണറേറിയം 1,500/- രൂപയായും കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെ ജഡം മറവു ചെയ്യുന്നതിനുള്ള ചെലവ് 2,000/- രൂപയായും സർക്കാർ ഉത്തരവ് G.O.(Rt) No. 108/2025/DMD Dated 07/03/2025 പ്രകാരം നിശ്ചയിച്ച നൽകിയിട്ടുണ്ട്.

14. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

15. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക്

പ്രവർത്തിച്ചു വരുന്നുണ്ട്.

16. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

18. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകി-രണം പദ്ധതി പ്രകാരം 886 അർഹതപ്പെട്ട കുടുംബ-ങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന് മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

19. മനുഷ്യ-വന്യജീവി സംഘർഷ ബാധിതർ-ക്കുള്ള നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക കാലോചിതമായി വർധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

20. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിത ഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

21. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കു ന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

22. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

23. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള-നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

24. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

25. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Divisional Forest Emergency Operations Centre – DFEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.

26. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

27. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷന്റെ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

28. വന്യമൃഗങ്ങളുടെ സമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

29. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

30. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും, മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

31. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോടു ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

32. പറമ്പിക്കുളം, വയനാട് എന്നിവിടങ്ങളിലെ വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന ₹25 കോടി ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർ പ്രവർത്തികൾ നടക്കുന്നുണ്ട്.

33. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലേയും അംഗീകരിച്ച വർക്കിംഗ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിംഗ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

34. മനുഷ്യ-വന്യമൃഗ സംഘർഷലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന

| | | | |
|---|---|---|---|
| | | | വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ദ്ധ പരിശീലനം നൽകിവരുന്നുണ്ട്.<br>35. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്.<br>ഇതിനുപരിയായി 23/02/2025 ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം 10 മിഷനുകൾ (1. Mission Real Time Monitoring, 2. Mission Primary Response Teams, 3. Mission Tribal Knowledge, 4. Mission Food, Fodder & Water, 5. Mission Bonnet Macaque, 6. Mission Wild Pig, 7. Mission SARPA, 8. Mission Knowledge, 9. Mission Solar Fencing, 10. Mission Sensitization to Public) നടപ്പിലാക്കാ-നായി തീരുമാനിച്ചിട്ടുള്ളതാണ്. ആയതിൽ മിഷൻ ട്രൈബൽ നോളജ്, മിഷൻ നോളജ് എന്നിവ കെ.എഫ്.ആർ.ഐ., ടി.ബി.ജി.ആർ.ഐ. വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സാക്കോൺ തുടങ്ങി വിവിധ ഗവേഷണ സ്ഥാപനങ്ങ-ളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ ലക്ഷ്യം വയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന മറ്റ് വിവിധ കാരണങ്ങൾ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂക-രണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന പരമ്പരാഗത അറിവുകൾ എന്നിവ സംബന്ധിച്ച പഠനങ്ങൾക്ക് മുൻഗണന നൽകുന്നു. |
| (ഡി) | പ്രസ്തുത സംഘർഷങ്ങൾ വർദ്ധിക്കുന്നത് കാരണം നഷ്ടപരിഹാര ക്ലെയിമുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കഴിഞ്ഞ മൂന്ന് വർഷത്തിൽ മനുഷ്യ-വന്യമൃഗ സംഘർ-ഷം മൂലമുള്ള സംഘർഷങ്ങൾ കാരണം നഷ്ടപരിഹാര ക്ലെയിമുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലാ-യെന്ന് കാണുന്നു. ടി കാലയളവിലെ വിവിധ ക്ലെയിമുകളുടെ വിവരം അനുബന്ധം-3 ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## മനുഷ്യ-വന്യമൃഗ സംഘർഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വനം ഡിവിഷനുകൾ

| ക്രമ നം | ഡിവിഷൻ |
|---|---|
| 1 | കാസർഗോഡ് |
| 2 | കണ്ണൂർ |
| 3 | നോർത്ത് വയനാട് |
| 4 | സൗത്ത് വയനാട് |
| 5 | കോഴിക്കോട് |
| 6 | നിലമ്പൂർ നോർത്ത് |
| 7 | നിലമ്പൂർ സൗത്ത് |
| 8 | മണ്ണാർക്കാട് |
| 9 | പാലക്കാട് |
| 10 | നെന്മാറ |
| 11 | തൃശ്ശൂർ |
| 12 | ചാലക്കുടി |
| 13 | വാഴച്ചാൽ |
| 14 | മലയാറ്റൂർ |
| 15 | കോതമംഗലം |
| 16 | മാങ്കുളം |
| 17 | മൂന്നാർ |
| 18 | മറയൂർ |
| 19 | കോട്ടയം |
| 20 | റാന്നി |
| 21 | കോന്നി |
| 22 | പുനലൂർ |
| 23 | തെന്മല |
| 24 | അച്ചൻകോവിൽ |
| 25 | തിരുവനന്തപുരം |
| 26 | ആറളം |
| 27 | വയനാട് വൈൽഡ്ലൈഫ് |
| 28 | പറമ്പിക്കുളം |
| 29 | പീച്ചി |
| 30 | സൈലന്റ് വാലി |
| 31 | മൂന്നാർ വൈൽഡ്ലൈഫ് |
| 32 | ഇടുക്കി |
| 33 | പെരിയാർ ഈസ്റ്റ് |
| 34 | പെരിയാർ വെസ്റ്റ് |
| 35 | ശെന്തുരുണി |
| 36 | തിരുവനന്തപുരം വൈൽഡ്ലൈഫ് |

# മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് മറ്റു വകുപ്പുകളുമായി ചേർന്ന് വനം വകുപ്പ് ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കി വരുന്നതുമായ ദീർഘകാല-ഹ്രസ്വകാല പദ്ധതികളും പരിപാടികളും

## ദീർഘകാല പദ്ധതികൾ

1. സ്വകാര്യ എസ്റ്റേറ്റുകളിലേയും വനാതിർത്തിയോടു ചേർന്നുവരുന്ന പുറമ്പോക്കുകളിലേയും വനത്തിലൂടെ കടന്നു പോകുന്ന പാതയോരങ്ങളിലേയും അടിക്കാടുകൾ വെട്ടിമാറ്റി വിസ്ത ക്ലിയറൻസ് നടത്തുക.
2. ബോധവൽക്കരണ പരിപാടികൾ, മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുക.
3. വനമേഖലയിലെ അധിനിവേശ കളസസ്യങ്ങളുടെ ഉന്മൂലനം
4. ആവാസ വ്യവസ്ഥാ പരിപോഷണ പ്രവർത്തനങ്ങൾ
5. വനത്തിനുള്ളിലെ റോഡുകളിലൂടെയുള്ള ഗതാഗത നിയന്ത്രണം
6. പ്രതിരോധ നിർമ്മിതികൾ – നിലവിലുള്ളവയുടെ പരിപാലനവും ആവശ്യാനുസരണം പുതിയവയുടെ നിർമ്മാണവും
7. സ്വാഭാവിക വനപുനഃസ്ഥാപനം, കാലഹരണപ്പെട്ടതും പരാജിതവുമായ ഏകവിള തോട്ടങ്ങൾ ക്രമേണ സ്വാഭാവിക വനമായി പരിവർത്തനം ചെയ്യൽ
8. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി പ്രാദേശിക സമിതികൾ രൂപീകരിക്കൽ
9. കാട്ടുപന്നികളുടേയും കുരങ്ങുകളുടേയും എണ്ണം നിയന്ത്രിക്കൽ
10. വനത്തിനുള്ളിലെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പാക്കലും ജലസ്രോതസ്സുകളുടെ പരിപാലനവും
11. തദ്ദേശീയ ഫലവൃക്ഷങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള സ്വാഭാവിക വനപരിപോഷണം.

## ഹ്രസ്വകാല പദ്ധതികൾ / പരിപാടികൾ

1. ഡിവിഷൻതല ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ
2. പുതിയ ആർ.ആർ.ടി.കളുടെ രൂപീകരണം
3. നിലവിലുള്ള ആർ.ആർ.ടി.കളുടെ ശാക്തീകരണം
4. ഏർളി വാണിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാക്കൽ
5. പ്രൈമറി റെസ്പോൺസ് ടീമുകളുടെ രൂപീകരണം
6. നഷ്ടപരിഹാരം കാലതാമസം കൂടാതെ വിതരണം ചെയ്യൽ
7. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ നിരീക്ഷണ സംവിധാനങ്ങൾ
8. ഇക്കോ-ടൂറിസം പദ്ധതികളുടെ വിലയിരുത്തലും ആവശ്യമായ പരിഷ്കരണവും
9. സ്വകാര്യ റിസോർട്ടുകൾ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നത് തടയൽ
10. രാത്രികാലങ്ങളിലും പകൽ സമയങ്ങളിലുമുള്ള പട്രോളിംഗ് ശക്തിപ്പെടുത്തൽ

**അനുബന്ധം - 3**

| വർഷം | മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടവരുടെ എണ്ണം | | | പരിക്ക പറ്റിയവരുടെ എണ്ണം | കൃഷി നാശവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകൾ |
|---|---|---|---|---|---|
| | ആന, കാട്ടുപന്നി, കടുവ, കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങൾ കാരണം | പാമ്പ് കടിയേറ്റുള്ള മരണം | ആകെ | | |
| 2022-23 | 41 | 48 | **89** | 1275 | 5256 |
| 2023-24 | 42 | 34 | **76** | 1603 | 8141 |
| 2024-25 (*14/03/2025 വരെ) | 32 | 33 | **65** | 1435 | 6642 |
| **ആകെ** | **115** | **115** | **230** | **4313** | **20039** |